റിപ്പോര്‍ട്ട്

അബ്ദു ശിവപുരം

# വിഷയ വൈവിധ്യംകൊണ്ട് ശ്രദ്ധേയമായ 'ദോഹ ഫോറം'




**മെയ്** 3 മുതല്‍ 5 വരെ ദിവസങ്ങളില്‍ ദോഹ ഷെറാട്ടണ്‍ ഹോട്ടലില്‍ സംഘടിപ്പിച്ച 'ദോഹ ഫോറം' അന്താരാഷ്ട്ര സമ്മേളനം ഗൗരവമേറിയ സമകാലിക വിഷയങ്ങള്‍ കൊണ്ടും അന്തര്‍ദേശീയ വ്യക്തിത്വങ്ങളുടെയും ഗള്‍ഫ് ഭരണനേതൃത്വത്തിന്റെയും സജീവസാന്നിധ്യം കൊണ്ടും ശ്രദ്ധേയമായി. ഖത്തര്‍ യൂനിവേഴ്സിറ്റി ലക്ചറര്‍ ത്വയ്യിബ ഇബ്റാഹീമിന്റെ ആതിഥ്യത്തില്‍ ഖത്തര്‍ സന്ദര്‍ശനം നടത്തവെയാണ് ഫോറം പ്രവേശനം സാധ്യമായത്.

70 ലോക രാഷ്ട്രങ്ങളില്‍നിന്നുള്ള വിദ്യാഭ്യാസ സാമ്പത്തിക വിവര-സാങ്കേതിക മനുഷ്യാവകാശ, മാധ്യമ രംഗങ്ങളിലെ പ്രമുഖ വ്യക്തിത്വങ്ങളായിരുന്നു സമ്മേളനത്തില്‍ പങ്കെടുത്തത്. സമ്മേളനത്തിന്റെ ഔപചാരിക ഉദ്ഘാടനം ഖത്തര്‍ അമീര്‍ ശൈഖ് ഹമദ് ബിന്‍ ഖലീഫ ആല്‍ഥാനി നിര്‍വഹിച്ചു.

മധ്യപൗരസ്ത്യ ദേശത്തെ സാമ്പത്തിക ഭാവി എന്നതായിരുന്നു ഉദ്ഘാടന സമ്മേളനത്തിലെ പ്രമേയം. മുന്‍ ഫ്രഞ്ച് പ്രസിഡന്റ് ജാക് ഷിറാക്, ഫിന്‍ലന്റ് പ്രധാനമന്ത്രി മാട്ടി വെല്‍ഹാനീന്‍ വിശിഷ്ടാതിഥികളായിരുന്നു. യു.കെയിലെ പാരഡൈന്‍ പ്രൊഡക്ഷന്‍സിലെ പ്രശസ്ത മാധ്യമ പ്രവര്‍ത്തകനും എഴുത്തുകാരനുമായ ഡേവിഡ് ഫ്രോസ്റ്റ് മോഡറേറ്ററായിരുന്നു.

മുന്‍ ഫ്രഞ്ച് പ്രധാനമന്ത്രി അലന്‍ ജോണിയ, മുന്‍ ബ്രിട്ടീഷ് വിദേശകാര്യ മന്ത്രി ഡോഗ്ലസ് ഹേഡ്, സ്വിറ്റ്സര്‍ലാന്റിലെ അന്താരാഷ്ട്ര സാമ്പത്തിക ദാവോസ് ഫോറം എക്സിക്യൂട്ടീവ് ചെയര്‍മാന്‍ ക്ലാസ്റ്റ് ശവാബ് എന്നിവര്‍ സെമിനാറില്‍ പങ്കെടുത്തു. യു.എന്‍ സെക്രട്ടറി ജനറല്‍ സ്ഥാനത്തേക്ക് നിര്‍ദേശിക്കപ്പെട്ട ഇന്ത്യയില്‍നിന്നുള്ള ശശി തരൂര്‍ സമ്മേളനത്തില്‍ പങ്കെടുക്കേണ്ടതായിരുന്നെങ്കിലും അദ്ദേഹത്തിന്റെ അസാന്നിധ്യം പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു.

ഫോറത്തിന്റെ ഒമ്പതാം വാര്‍ഷിക സമ്മേളനമായിരുന്നു ഇത്. 2001 ഏപ്രിലിലായിരുന്നു പ്രഥമ സമ്മേളനം.

ആഗോള സാമ്പത്തിക പ്രതിസന്ധി നമ്മുടെ കണക്കു കൂട്ടലുകളെയെല്ലാം തെറ്റിച്ച് ഒരു കൊടുങ്കാറ്റായി രൂപപ്പെട്ടിരിക്കുകയാണെന്ന് ഖത്തര്‍ അമീര്‍ തന്റെ ഉദ്ഘാടന പ്രസംഗത്തില്‍ പറഞ്ഞു. സുനാമിയോ കൊടുങ്കാറ്റുകളോ അപകടം വിതക്കുന്നതു പോലെയല്ല സാമ്പത്തിക പ്രതിസന്ധി. ഇത് മനുഷ്യകരങ്ങളുടെ പ്രവര്‍ത്തന ഫലമായാണ് ഉണ്ടായിരിക്കുന്നത്.

സമുദായത്തിലെ എല്ലാ വിഭാഗങ്ങള്‍ക്കും നീതി ഉറപ്പുവരുത്തുന്ന സമൂഹ സൃഷ്ടി, ജനാധിപത്യം, പശ്ചിമേഷ്യയിലെ സാമ്പത്തിക ഭാവി, അമേരിക്കയും ഒബാമയും മാധ്യമങ്ങളുടെ സ്വാധീനം, അന്തര്‍ദേശീയ രംഗത്തെ വികസന പദ്ധതികളെ സംബന്ധിച്ച കാഴ്ചപ്പാട്, സ്വതന്ത്ര വ്യാപാരം, മനുഷ്യാവകാശങ്ങള്‍ തുടങ്ങിയ വൈവിധ്യമാര്‍ന്ന വിഷയങ്ങള്‍ ചര്‍ച്ചചെയ്യപ്പെട്ടു.

സാമ്പത്തിക സമ്മേളനം പ്രധാനമായും ഊന്നിയത് തൊഴില്‍ കമ്പോളത്തിലെ പുതിയ പ്രവണതകള്‍, സ്ത്രീകളുടെ പങ്കാളിത്തം, എണ്ണയുടെ വിലക്കുറവ് എന്നിവയിലായിരുന്നു.

സജീവ ചര്‍ച്ചകൊണ്ടും അര്‍ഥവത്തായ വിമര്‍ശനങ്ങള്‍കൊണ്ടും ആദ്യം മുതല്‍ സജീവത പുലര്‍ത്തി മാധ്യമ സെമിനാര്‍. ലോകത്തെവിടെയും മാധ്യമ പ്രവര്‍ത്തകര്‍ക്കെതിരെ നടക്കുന്ന ആക്രമണങ്ങളിലും ക്രൂരതയിലും സമ്മേളനം ഉത്കണ്ഠ രേഖപ്പെടുത്തി. ഗവണ്‍മെന്റുകളുടെ ഉള്ളുകള്ളികള്‍ ചുഴിഞ്ഞന്വേഷിക്കുന്നതില്‍ പരിമിതമാവരുത് മാധ്യമ പ്രവര്‍ത്തനം. വികസ്വര രാജ്യങ്ങളിലെയും മൂന്നാംലോക രാജ്യങ്ങളിലെയും പാര്‍ശ്വവല്‍ക്കരിക്കപ്പെട്ടവരിലേക്കും ജീവിതമാര്‍ഗം നിഷേധിക്കപ്പെട്ടവരിലേക്കും മാധ്യമങ്ങള്‍ ഇറങ്ങിച്ചെല്ലേണ്ടതുണ്ട്. സത്യസന്ധമായ വിവരങ്ങള്‍ മാത്രം ലോകത്തിന് നല്‍കാന്‍ മാധ്യമങ്ങള്‍ക്ക് കഴിയണം.

അല്‍ജസീറ ഇംഗ്ലീഷ് ചാനലിലെ റിച്ചാര്‍ഡ് ജേസ്ബര്‍ട്ട് ചര്‍ച്ച നിയന്ത്രിച്ചു. അല്‍ ജസീറ നെറ്റിലെ പ്രോഗ്രാം എഡിറ്റര്‍ ഡോ. ലിഖാഅ് മക്കി, ഫ്രഞ്ച് ചിന്ത ⇨

# യു.എ.ഇ യുവതക്ക് പ്രതീക്ഷയായി യൂത്ത് ഇന്ത്യയുടെ ഉജ്വല സമ്മേളനം

അബ്ദുൽഹകീം പെരുമ്പിലാവ്



*യൂത്ത്ഇന്ത്യാ പ്രഖ്യാപന സമ്മേളനത്തിലെ യുവസദസ്സ്*

**ഷാർജ:** യു.എ.ഇയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ യുവജനവിഭാഗമായ 'യൂത്ത് ഇന്ത്യ എമിറേറ്റ്സ് എക്സ്പാറ്റ് അസോസിയേഷ'ന്റെ പ്രഥമ യുവജന സംഗമം ഷാർജ യൂനിവേഴ്സിറ്റി ഹാളിൽ നടന്നു. നിലവിലുണ്ടായിരുന്ന ഐ.വൈ.എ ശൈലിയിലും ഘടനയിലും ഗണ്യമായ മാറ്റങ്ങൾ വരുത്തി യൂത്ത് ഇന്ത്യ എന്ന പേരു സ്വീകരിച്ചതിന്റെ പ്രഖ്യാപന സമ്മേളനം കൂടിയായിരുന്നു യുവജന സംഗമം. യു.എ.ഇയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി വൻ ജനാവലി പങ്കെടുത്ത സംഗമം ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ അവിസ്മരണീയ അനുഭവമായി.

യൂത്ത് ഇന്ത്യ അതിന്റെ പേര് സൂചിപ്പിക്കുന്നതുപോലെ യുവജനങ്ങൾക്കിടയിൽ പ്രവാസികളുടെ ശബ്ദമായി മാറുമെന്നും കക്ഷിവത്കരണത്തെ ചെറുത്തുകൊണ്ടു മുഴുവൻ സമൂഹത്തിനു വേണ്ടിയും നിലകൊള്ളുമെന്നും യൂത്ത് ഇന്ത്യ പ്രസിഡന്റ് അൻവർ വാണിയമ്പലം നയപ്രഖ്യാപനത്തിൽ വ്യക്തമാക്കി. പ്രവാസി സാംസ്കാരിക സാമൂഹിക മേഖലകളിൽ യൂത്ത് ഇന്ത്യ ശക്തമായ ഇടപെടൽ നടത്തുമെന്നും ജനസേവന മേഖലയിൽ പ്രവാസികളുടെ അത്താണിയായി മാറുമെന്നും അദ്ദേഹം പറഞ്ഞു.

യുവജന സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് 'ഇന്ത്യൻ രാഷ്ട്രീയം പുതിയ സാധ്യതകൾ' എന്ന വിഷയത്തിൽ *മാധ്യമം* എഡിറ്റർ ഒ. അബ്ദുർറഹ്മാൻ സംസാരിച്ചു. രാജ്യത്തിന്റെ ഗതി നിർണയിക്കേണ്ട യുവാക്കൾ തിരുത്തൽ ശക്തിയായി മുന്നോട്ട് വരണമെന്നും ആർജവം നഷ്ടപ്പെട്ട അടിമകളുടെ രാഷ്ട്രീയ പ്രവർത്തനമാണ് ഇന്ത്യയിൽ നടക്കുന്നതെന്നും അതിന് നേതൃത്വം നൽകുന്നത് വൃദ്ധന്മാരുടെ പടയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സമൂഹത്തിന്റെ മുഖ്യ വിഷയങ്ങളിൽനിന്നും മാറി മത-സാമൂഹിക ധ്രുവീകരണത്തിലൂടെയും വർഗീയവൽക്കരണത്തിലൂടെയുമാണ് മുഖ്യരാഷ്ട്രീയ സംഘടനകൾ പോലും തെരഞ്ഞെടുപ്പിനെ നേരിട്ടത്. മാറ്റം എന്ന മുദ്രാവാക്യം ഈ തെരഞ്ഞെടുപ്പിൽ ആരും ഉയർത്താതിരുന്നതു തന്നെ മാറില്ലെന്നതിനുള്ള തെളിവാണ്. തങ്ങൾ തുടരുന്ന പഴഞ്ചൻ നയനിലപാടുകൾ മാറ്റുമെന്ന് ആരും അബദ്ധത്തിൽ പോലും പറയാത്തത് 15-ാം ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പ്രത്യേകതയാണെന്നും അശാസ്ത്രീയമായ നയങ്ങളാണ് രാജ്യം പിന്തുടർന്ന് പോരുന്നതെന്ന് പറയാൻ ഒരു രാഷ്ട്രീയ നേതൃത്വത്തിനും ആർജവമില്ലെന്നും അദ്ദേഹം പറഞ്ഞു.

'യുവത്വം അടയാളപ്പെടുത്തുന്നത്' എന്ന വിഷയത്തിൽ ഷംസുദ്ദീൻ നദ്‌വി സംസാരിച്ചു. തിരിച്ചറിവിന്റെ ആയുധമേന്തി ജീവിതം അടയാളപ്പെടുത്തുന്ന കരുത്തുറ്റ യുവതയായി യൂത്ത് ഇന്ത്യ മാറണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. അരാഷ്ട്രീയതയും അധമന്റെ രാഷ്ട്രീയവും ഒരുപോലെ അപകടകരമാണ്. തിരിച്ചറിവിന്റെ രാഷ്ട്രീയത്തിനാണ് യുവ സമൂഹം നേതൃത്വം കൊടുക്കേണ്ടത്. യൗവനം പോരാടാനുള്ളതാണെന്നും പോരാട്ടം സേവനത്തിൽ നി

---

⇨ കനും എഴുത്തുകാനുമായ യൂസുഫ് സിദ്ദീഖി എന്നിവരുടെ പ്രഭാഷണങ്ങൾ സമകാലിക മാധ്യമ രംഗത്തെ ചതിക്കുഴികൾ തുറന്ന് കാണിക്കുന്നതായിരുന്നു.

സെമിനാറിൽ മുഴങ്ങിക്കേട്ട പ്രൗഢോജ്വല പ്രഭാഷണമായിരുന്നു അൽജസീറ പ്രോഗ്രാം എഡിറ്റർ ഡോ. ലിഖാഅ് മകകിയുടേത്. അപകടങ്ങളിലും ദുരന്തങ്ങളിലും പ്രകൃതിക്ഷോഭങ്ങളിലുമുണ്ടാവുന്ന കൂടിയ മരണ നിരക്കുകളല്ല വാർത്താ പ്രാധാന്യത്തിന്റെ സ്രോതസ്സെന്ന് അദ്ദേഹം പറഞ്ഞു. ഭരണകൂടങ്ങളുടെ നിഷേധാത്മക പ്രവണതകൾ അവതരിപ്പിക്കുന്നതിൽ മാത്രം മാധ്യമങ്ങൾ ചുരുങ്ങിപ്പോവരുത്. ഒരു ഡോക്ടറുടെ കൈപ്പിഴ ചിലപ്പോഴെങ്കിലും ഒരു രോഗിയെ വധിച്ചെന്നിരിക്കും. എന്നാൽ ഒരു മാധ്യമ പ്രവർത്തകനിൽ നിന്നുണ്ടാവുന്ന ചെറിയൊരു പിഴവ് ഒരു സമൂഹത്തെ മൊത്തമായിട്ടായിരിക്കും വധിക്കുക. അതിനാൽ ദൗത്യ നിർവഹണത്തിനിടെ ഉത്തരവാദിത്വ ബോധമോ ധാർമികതയോ വിനഷ്ടമാവരുത് - ഡോ. ലിഖാഅ് ഓർമിപ്പിച്ചു.

ന്നാണാരംഭിക്കേണ്ടതെന്നും സേവന പാതയിൽ മുന്നേറാൻ പ്രവാസം തടസ്സമാവില്ലെന്നും അദ്ദേഹം പറഞ്ഞു. ഐ.സി.സി യു.എ.ഇ മുൻ പ്രസിഡന്റ് സി. മുഹമ്മദലി അധ്യക്ഷത വഹിച്ചു. സിറാജുദ്ദീൻ ഷമീം സ്വാഗതവും യൂത്ത് ഇന്ത്യ സെക്രട്ടറി സവാബ് അലി നന്ദിയും പറഞ്ഞു.

ഉച്ചക്കുശേഷം നടന്ന സെഷനിൽ പ്രശസ്ത സാമൂഹിക പരിസ്ഥിതി പ്രവർത്തകൻ സി.ആർ നീലകണ്ഠൻ മുഖ്യപ്രഭാഷണം നടത്തി. ഇന്ത്യയിൽ ജനപക്ഷ രാഷ്ട്രീയത്തിന് വേണ്ടി യുവാക്കൾ മുന്നിട്ടിറങ്ങണമെന്ന് അദ്ദേഹം പറഞ്ഞു. ജനപക്ഷ രാഷ്ട്രീയമെന്നത് പക്ഷമില്ലാത്തവരുടെ രാഷ്ട്രീയ പ്രവർത്തനമല്ല. ജനാധിപത്യത്തിൽ ഓരോ പ്രജക്കും ഇടമുണ്ടെന്ന തിരിച്ചറിവിൽ നിന്നുണ്ടാവുന്ന ആർജവത്തോടെയുള്ള ഇടപെടലുകളാണ്. വെള്ളത്തിനും വെളിച്ചത്തിനും മണ്ണിനും മരത്തിനും രാഷ്ട്രീയമുണ്ട്. അത് തിരിച്ചറിയുന്നവനേ ജനപക്ഷ രാഷ്ട്രീയത്തിന്റെ പ്രസക്തി മനസ്സിലാവൂ.

സോളിഡാരിറ്റി യൂത്ത്മൂവ്മെന്റ് സംസ്ഥാന അധ്യക്ഷൻ പി. മുജീബുർറഹ്മാൻ കേരളത്തിൽനിന്നും ടെലിഫോൺ വഴി യൂത്ത് ഇന്ത്യക്കും സമ്മേളനത്തിനും ആശംസകളർപ്പിച്ചു. കെ.എം ബഷീർ (മലബാർ പ്രവാസി കോ-ഓർഡിനേഷൻ കമ്മിറ്റി പ്രസിഡന്റ്), പി.വി വിവേകാനന്ദ് (ഇന്ത്യൻ മീഡിയ ഫോറം പ്രസിഡന്റ് / ഗൾഫ് ടുഡെ എഡിറ്റർ) എന്നിവർ ആശംസകൾ നേർന്നു. ഐ.സി.സി യു.എ.ഇ പ്രസിഡന്റ് ഉമർ അഹ്മദ് യൂത്ത് ഇന്ത്യ കേന്ദ്ര ഭാരവാഹികളെ പ്രഖ്യാപിച്ചു. യു.എ.ഇയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 2500 ഓളം യുവജനങ്ങൾ പങ്കെടുത്തു.

വൈകിട്ട് നടന്ന സമാപന സെഷനിൽ സമീർ ബിൻസി നേതൃത്വം നൽകിയ ഗസൽ വിരുന്ന് ആസ്വാദകരുടെ ഹൃദയം കവർന്നു. സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച ജയപ്രകാശ് കൂളൂർ സംവിധാനം ചെയ്ത *പാലം* നാടകം അരങ്ങേറി. അബ്ദുൽ റഊഫ് കവിത ചൊല്ലി. കാഴ്ചയുടെ കനവു തീർത്ത എക്സിബിഷനും ആകർഷകമായി. വെള്ളവും വെളിച്ചവും ദൈവാനുഗ്രഹമാണെന്ന് ഓർമപ്പെടുത്തി പ്രദർശനം. അബ്ദുൽറഷീദ് മൗലവി സമാപന പ്രഭാഷണവും പ്രാർഥനയും നടത്തി.